# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നമ്പർ : 8518/11/12/2023/**

പരാതികക്ഷി : പുഷ്പിത, കൊച്ചുകോണത്ത് പുത്തൻവീട് , ചെറിയകൊണ്ണി, തിരുവനന്തപുരം

എതിർകക്ഷികൾ

**ഉത്തരവ് തീയതി 07.03.2025**

ഹർജികക്ഷി കെൽപാം എന്ന പൊതുമേഖലാ സ്ഥാപനത്തിൽ 25 വർഷമായി ജോലി ചെയ്തു വരികയാണെന്നും, സ്ഥാപനത്തിലെ രഹസ്യങ്ങൾ താൻ പുറത്തു ചോർത്തി കൊടുക്കുന്നു എന്ന് ആരോപിച്ച് ജോലിയിൽ നിന്നും മാറ്റി നിർത്തിയിരിക്കുകയാണെന്നും, തന്നെ മാനസികമായി പീഡിപ്പിക്കുന്നതായും, 11 ദിവസത്തെ ശമ്പളം പിടിച്ചുവച്ചിരിക്കുന്നയും, പി എഫി ൽ അടക്കേണ്ട തുക അടയ്ക്കാത്തതിനാൽ 60 വയസ്സ് കഴിഞ്ഞ തനിക്ക് പെൻഷൻ ലഭ്യമായിട്ടില്ല എന്നും,ഇക്കാര്യങ്ങളിൽ ആവശ്യമായ നടപടി ഉണ്ടാകണമെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ കെൽപാം മാനേജിംഗ് ഡയറക്ടർ 27.12.2023 തീയതി റിപ്പോർട്ട് സമർപ്പിച്ചു. പരാതി അടിസ്ഥാനരഹിതവും വാസ്തവവിരുദ്ധവും ആണെന്നും, പരാതികക്ഷി വ്യക്തിപരമായ ആവശ്യങ്ങൾക്കായി 2010- 13 കാലഘട്ടത്തിൽ NBCFDC എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തിൽ നിന്ന് പന ഉൽപന്ന മേഖലയിൽ പണിയെടുക്കുന്ന നിർധനരായ തൊഴിലാളികൾക്ക് നൽകാനുള്ള കെൽപാമിന് ലഭ്യമായ വായ്പ പരാതികക്ഷിയുടെ മകളായ സോണി പി എസ് ഉൾപ്പെടെ അഞ്ചു ബന്ധുക്കളെ ഉൾപ്പെടുത്തി വസ്തു ജാമ്യത്തിൽ 2.5 ലക്ഷം രൂപ വായ്പയായി 60 മാസത്തവണയിൽ തിരിച്ചടച്ചു കൊള്ളാം എന്ന വ്യവസ്ഥയിൽ കൈപ്പറ്റുകയും എന്നാൽ ഏതാനും ചില ഗഡുക്കൾ മാത്രമേ തിരിച്ചടവ് നടത്തിയതായി കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളൂ എന്നും പ്രസ്തുത വായ്പ തിരിച്ചടവ് നടത്താത്തത് കാരണം NBCFDC എന്ന സ്ഥാപനം കെൻപാമിനെ ജപ്തി നടപടിക്ക് വിധേയമാക്കി തുക തിരിച്ചുപിടിക്കുമെന്ന് നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ കെൽപാമിൽ നിന്നും വായ്പ സ്വീകരിച്ചതും എന്നാൽ തിരിച്ചടവ് പൂർത്തിയാക്കാത്തതുമായ ഗുണഭോക്താക്കൾക്ക് അവരുടെ ബാധ്യത തുക കണക്കാക്കി തിരിച്ചടയ്ക്കാനുള്ള അറിയിപ്പ് നൽകുകയും ചെയ്തിരുന്നു എന്നും റിപ്പോർട്ടിൽ കാണുന്നു.

കെൽപ്പാമിന്റെ ഓഫീസ് ഫയലുകളിൽ സൂക്ഷിച്ചിരുന്ന NBCFDC എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തിൽ നിന്ന് ലഭ്യമായ ചില രേഖകൾ പുറത്തുള്ള വ്യക്തികൾക്ക് ഹർജികക്ഷി എടുത്തു കൊടുത്തു എന്നും അന്വേഷണത്തിൽ കണ്ടെത്തിയതായും ഇത് സംബന്ധിച്ച്

പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ടെന്നും 2011 കാലഘട്ടത്തിലും ഈ വ്യക്തി ഓഫീസ് രേഖകൾ ചോർത്തിയതിന് സ്ഥാപനത്തിൽ നിന്നും പുറത്താക്കിയതായി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്നും, തുടർന്ന് ഡയറക്ടർ ബോർഡ് ഈ വ്യക്തിയെ പുറത്താക്കൽ നടപടിക്ക് വിധേയമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തുടർന്ന് ജോലിയിൽ പ്രവേശിപ്പിച്ചിട്ടില്ല എന്നും, പരാതിയിൽ പറയുന്ന ഇപിഎഫ് കുടിശ്ശിക നിലവിൽ അടച്ചു പൂർത്തിയാക്കിയിട്ടുണ്ടെന്നും, പരാതിക്കാരിക്ക് നൽകാനുള്ള ദിവസവേതന കുടിശ്ശിക തുക 6600/- രൂപ ടിയാൾക്ക് എതിരെയുള്ള പോലീസ് കേസ് തീർപ്പാകുന്നതിനു ശേഷം മാത്രം ഉചിത നടപടി എടുക്കേണ്ടതാണെന്നും ബോർഡ് ഓഫ് ഡയറക്ടർ മീറ്റിംഗ് നിർദേശം നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ കാണുന്നു.

പരാതി പരിഗണനയ്ക്കെടുത്ത 07.03.2025 തീയതി ഹർജികക്ഷി ഹാജരായി.പരാതിയിലെ ആരോപണങ്ങൾ തൊഴിൽ തർക്കമാണ്.സ്ഥാപനത്തിൽ നിന്ന് അച്ചടക്ക നടപടിക്ക് വിധേയമായി പിരിച്ചുവിട്ട നടപടി ഈ കമ്മീഷന് പരിഗണിക്കുവാൻ കഴിയുകയില്ല. ഇക്കാര്യത്തിൽ ഹർജികക്ഷിക്ക് ജില്ലാ ലേബർ ഓഫീസറെ സമീപിച്ച് അപേക്ഷ നൽകാവുന്നതാണ്. അപ്രകാരം പരാതി ലഭിക്കുകയാണെങ്കിൽ ജില്ലാ ലേബർ ഓഫീസർ ആയത് Industrial Dispute Act ന്റെ പരിധിയിൽ വരുന്നതാണോ എന്ന് പരിശോധിച്ചു തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം സെറ്റിൽ ചെയ്തു കൊടുക്കാനുള്ള ബാധ്യത തൊഴിലുടമയ്ക്ക് ഉണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി മാനേജ്മെന്റ് സ്വീകരിക്കേണ്ടതാണ്. കൂടാതെ 11 ദിവസത്തെ കുടിശ്ശിക വേതനവും നൽകാനുള്ള നടപടി മാനേജ്മെന്റ് സ്വീകരിക്കേണ്ടതാണ്. ഇ.പി.എഫ് വിഹിതവുമായി ബന്ധപ്പെട്ട പരാതിയുണ്ടെങ്കിൽ ഹർജികക്ഷിക്ക് തിരുവനന്തപുരം റീജിയണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണർക്ക് പരാതി നൽകാവുന്നതാണ്. മേൽ നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

**ഉത്തരവിന്റെ പകർപ്പ് കെൽപാം മാനേജിംഗ് ഡയറക്ടർ, ജില്ലാ ലേബർ ഓഫീസർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.**

**ജസ്റ്റിസ് അലക്സാണ്ടർ തോമസ്**
**ചെയർപേഴ്സൺ**